"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വയനാട് ജില്ലയിലെ മേപ്പാടി, മുട്ടിൽ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി നടപ്പാലം നിർമ്മിക്കാനുള്ള വയനാട് ജില്ലാ പഞ്ചായത്ത് പ്രോജക്ടിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.504/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2022-ലെ കത്ത്.
2. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.12.21-ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ 4.48 നമ്പർ തീരുമാനം.

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി, മുട്ടിൽ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി നടപ്പാലം നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. നടപ്പാലത്തിന്റെ ഒരു പ്രവേശനമാർഗ്ഗം മുട്ടിൽ ഗ്രാമപഞ്ചായത്തിലും മറുഭാഗം മേപ്പാടി ഗ്രാമപഞ്ചായത്തിലുമായതിനാൽ രണ്ട് ഗ്രാമപഞ്ചായത്തുകളും ഈ പ്രോജക്ട് ഏറ്റെടുത്തിരുന്നില്ല എന്നും നടപ്പാലത്തിലേക്കുള്ള നടപ്പാതക്ക് 15 മീറ്റർ നീളവും 1 മീറ്റർ വീതിയുമാണുള്ളതെന്നും വീതി കുറഞ്ഞ വഴി ആയതിനാലാണ് നടപ്പാലം നിർമ്മിക്കുന്നതെന്നും മേൽസാഹചര്യത്തിൽ ടി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും വയനാട് ജില്ലാ പഞ്ചായത്ത് യഥാക്രമം പരാമർശം (1), (2) കത്തുകൾ പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ പഞ്ചായത്തിന്റെ 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) അടങ്കലോട്ടുകൂടിയ മേപ്പാടി, മുട്ടിൽ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി നടപ്പാലം നിർമ്മിക്കാനുള്ള 'കീരിമുള പാലം നിർമ്മാണം എന്ന 535/22 നമ്പർ പദ്ധതി'യ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത്, വയനാട്
സെക്രട്ടറി, മുട്ടിൽ ഗ്രാമപഞ്ചായത്ത്, വയനാട്
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 04-03-2022 14:51:39**
സെക്ഷൻ ഓഫീസർ